**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4724** **02-07-2024 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി വാട്ടർ അതോറിറ്റിയുടെ ആസ്ഥാനത്ത് ജല ഗുണമേന്മ പരിശോധന ലാബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ ആസ്ഥാനത്ത് ജല ഗുണമേന്മ പരിശോധന ലാബ് തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; | (എ) | കൊണ്ടോട്ടി മണ്ഡലം കേന്ദ്രീകരിച്ച് ജലഗുണനിലവാര പരിശോധന സബ് ജില്ലാ ലാബ് അനുവദിക്കുന്നതിന് ബഹു. എം.എൽ.എ സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | പ്രസ്തുത അപേക്ഷ കേരള വാട്ടർ അതോറിറ്റി പരിഗണിക്കുകയും ജലഗുണനിലവാര പരിശോധന ലാബ് നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് സ്ഥല സന്ദർശനം നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ പി.എച്ച്.സെക്ഷൻ കൊണ്ടോട്ടി ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകൾ നിലയിൽ ലാബ് സ്ഥാപിക്കുവാൻ കഴിയുമോ എന്നാണ് പരിശോധന നടത്തിയത്. ഏകദേശം 30 വർഷത്തോളം പഴക്കമുള്ള ഈ കെട്ടിടത്തിന്റെ മുകൾ നില നിലവിൽ ജീർണ്ണാവസ്ഥയിലായതിനാൽ ലാബ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് ഓവനുകൾ, റഫ്രിജറേറ്ററുകൾ, കൂളിങ് ഇൻക്യുബേറ്റർ, ഓട്ടോക്ലേവ്, ഡീപ് ഫ്രീസർ, ഡിസ്റ്റിലേഷൻ യൂണിറ്റുകൾ, ബയോ സേഫ്റ്റി കാബിൻ തുടങ്ങിയ ഭാരമുള്ള ധാരാളം ഉപകരണങ്ങൾ ഈ കെട്ടിടത്തിൽ സ്ഥാപിക്കുവാൻ കഴിയില്ല. പുതിയ ഒരു കെട്ടിടം നിർമ്മിച്ച് ലാബ് സ്ഥാപിക്കുകയാണെങ്കിൽ ഏകദേശം ഒരു കോടിയോളം രൂപ ചെലവ് വരുന്നതാണ്.<br><br>നിലവിൽ മലപ്പുറം ജില്ലയിൽ ഒരു ജില്ലാ ലാബ് ഉൾപ്പെടെ 6 ജലഗുണ പരിശോധന ലാബുകൾ ജല അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ജില്ലാ ജലഗുണ പരിശോധന ലാബ്, മഞ്ചേരി, സബ് ജില്ലാ ലാബ് മലപ്പുറം, സബ് ജില്ലാ ലാബ് പരപ്പനങ്ങാടി എന്നീ ലാബുകൾ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ഏകദേശം 20 കി.മി. ചുറ്റളവിൽ പ്രവൃത്തിച്ച് വരുന്നുണ്ട്. ഈ ലാബുകളിൽ പരിശോധനക്കായി ലഭിക്കുന്ന സ്വകാര്യ സാമ്പിളുകളുടെ എണ്ണം കുറവാണ്. |

സെക്ഷൻ ഓഫീസർ